**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 496** **13-08-2021 - ൽ മറുപടിയ്ക്ക്**

**കൊവിഡ് ബാധിച്ച് മരിച്ച പട്ടികജാതിയിൽപ്പെട്ടവരുടെ ആശ്രിതർക്കായി വായ്പ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ . മുഹമ്മദ് മുഹസിൻ | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | കൊവിഡ് ബാധിച്ച് മരിച്ച പട്ടികജാതിയിൽപ്പെട്ടവരുടെ ആശ്രിതർക്കായി കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ പ്രത്യേക വായ്പ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. കോവിഡ് ബാധിച്ച് മരിച്ചതും കുടുംബത്തിന്റെ പ്രധാന വരുമാനദായകനുമായിരുന്ന പട്ടികജാതിയിൽപ്പെട്ട (18 നും 60 നും മധ്യേ പ്രായമുള്ളവരുടെ) കുടുംബത്തിന്റെ പുനർജീവനത്തിനായി SMILE എന്ന പേരിലുള്ള ഒരു വായ്പാ പദ്ധതി ആവിഷ്ക്കരിച്ചതായി ദേശീയ പട്ടികജാതി ധനകാര്യ വികസന കോർപ്പറേഷൻ (NSFDC) വിവിധ സംസ്ഥാനങ്ങളിലെ ചാനലൈസിംഗ് ഏജൻസികളുമായി നടത്തിയ വീഡിയോ കോൺഫറൻസിൽ വ്യക്തമാക്കിയിരുന്നു. പ്രസ്തുത പദ്ധതി നിർദ്ദേശം അന്തിമ അനുമതിയ്ക്കായി NSFDC ഭരണസമിതിയുടെ പരിഗണനയിലാണ്. കോവിഡ് ബാധിച്ച് മരിച്ച പട്ടികജാതിയിൽപ്പെട്ട വ്യക്തിയുടെ കുടുംബത്തിലെ ഏറ്റവും അടുത്ത ആശ്രിതന് SMILE പദ്ധതി പ്രകാരം സ്വയം തൊഴിൽ ചെയ്യുന്നതിനായി പരമാവധി 5 ലക്ഷം രൂപ വരെ വായ്പാ തുക അനുവദിക്കും. അനുവദിക്കുന്ന തുകയുടെ 20% അഥവാ 1 ലക്ഷം രൂപ ഇതിൽ ഏതാണ് കുറവ് അത് സബ്സിഡിയായും അനുവദിക്കുന്നതാണ്. |
| (ബി) | പ്രസ്തുത വായ്പ പദ്ധതിയിൽ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് അനുവദിക്കുന്ന വായ്പയ്ക്ക് സബ്സിഡി ലഭ്യമാണോ; വിശദമാക്കാമോ; | (ബി) | SMILE പദ്ധതി പ്രകാരം ഒരു വ്യക്തിയ്ക്ക് വായ്പാ തുകയുടെ അനുവദിക്കുന്ന തുകയുടെ 20% അഥവാ 1 ലക്ഷം രൂപ ഇതിൽ ഏതാണ് കുറവ് അത് കേന്ദ്ര സാമൂഹ്യ നീതി ശാക്തീകരണ മന്ത്രാലയം മുഖേന NSFDC സബ്സിഡി ആയി അനുവദിക്കുന്നതാണ്. |
| (സി) | വായ്പ പദ്ധതിക്കായി ദേശീയ പട്ടികജാതി ധനകാര്യ വികസന കോർപ്പറേഷൻ അർഹതാ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഉണ്ട്. വായ്പാ പദ്ധതിയ്ക്കായി ദേശീയ പട്ടികജാതി ധനകാര്യ വികസന കോർപ്പറേഷൻ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു. 1. അപേക്ഷകർ പട്ടികജാതിയിൽപ്പെട്ടവരായിരിക്കണം 2. അപേക്ഷകൻ കോവിഡ് മൂലം മരിച്ച വ്യക്തിയുടെ |

| | | | |
|---|---|---|---|
| | | | ഏറ്റവും അടുത്ത ആശ്രിതൻ ആയിരിക്കണം. 3. കോവിഡ് മൂലം മരിച്ച വ്യക്തിയുടെ പ്രായം 18 നും 60 വയസ്സിനും ഇടയിലായിരുന്നിരിക്കണം. 4. ഒരു കുടുംബത്തിൽ കോവിഡ് മൂലം മരണം സംഭവിച്ച വ്യക്തി ആ കുടുംബത്തിന്റെ പ്രധാന വരുമാന സമ്പാദകനായിരുന്നിരിക്കണം. 5. മരണം സംഭവിച്ചത് കോവിഡ് മൂലമാണ് എന്ന് തെളിയിക്കുന്നതിന് ആധികാരികമായ രേഖ അപേക്ഷകൻ ഹാജരാക്കേണ്ടതാണ്. 6. അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 3 ലക്ഷം രൂപയിൽ അധികരിക്കാൻ പാടില്ല. |
| (ഡി) | സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | സ്വീകരിക്കുന്നതാണ്. വിവിധ ജില്ലകളിൽ കോർപ്പറേഷൻ നടത്തിയ വിപുലമായ സമ്പർക്ക പരിപാടിയിൽ ഗുണഭോക്താക്കളിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് സ്റ്റാർട്ട് അപ് സംരംഭകർക്കായുള്ള വായ്പാ പദ്ധതി , വനിതാ ശാക്തീകരണ പദ്ധതി, ഭവന വായ്പാ പദ്ധതി, ഭവന പുനരുദ്ധാരണ വായ്പാ പദ്ധതി, പ്രവാസി പുനരുദ്ധാരണ വായ്പാ പദ്ധതി എന്നിങ്ങനെ പല പദ്ധതികളും ആവിഷ്കരിച്ച് കോർപ്പറേഷൻ നടപ്പിലാക്കി വരുന്നു. മാത്രമല്ല കോർപ്പറേഷന് വായ്പ നൽകുന്ന ദേശീയ പട്ടികജാതി ധനകാര്യ വികസന കോർപ്പറേഷനായുള്ള സർക്കാർ ഗ്യാരണ്ടി 30 കോടിയിൽ നിന്നും 100 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ദേശീയ പട്ടികജാതി ധനകാര്യ വികസന കോർപ്പറേഷനുള്ള സർക്കാർ ഗ്യാരണ്ടി തുക നിലവിലെ ₹ 30 കോടിയിൽ നിന്നും ₹ 100 കോടിയാക്കി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പട്ടികജാതി പട്ടികവർഗ്ഗ വികസന (സി) വകുപ്പ്

സ.ഉ.(കൈ) നം.21/2020/പ.ജ.പ.വ.വി.വ തീയതി,തിരുവനന്തപുരം, 13/08/2020

---

പരാമർശം:- 1 25/06/2019-ലെ സ.ഉ(കൈ) 44/19/പജപവവിവ.

2 കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 29/04/2020-ലെ ബി3/850/2011 നമ്പർ കത്ത്.

ഉത്തരവ്

കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനു വേണ്ടി, ദേശീയ പട്ടികജാതി ധനകാര്യ വികസന കോർപ്പറേഷനുള്ള സർക്കാർ ഗ്യാരണ്ടി തുക പരാമർശം (1) പ്രകാരം ₹30 കോടിയാക്കി വർദ്ധിപ്പിച്ച് ഉത്തരവായിരുന്നു. നിലവിൽ ദേശീയ പട്ടികജാതി ധനകാര്യ വികസന കോർപ്പറേഷൻ വായ്പകൾക്ക് സർക്കാർ നൽകുന്ന ഗ്യാരണ്ടി തുക വർദ്ധിപ്പിച്ചാൽ മാത്രമേ വരും വർഷങ്ങളിൽ കോർപ്പറേഷൻ വിതരണം ചെയ്യുന്ന ലോണിന്റെ കാര്യത്തിൽ വർദ്ധനവ് ഉണ്ടാകുകയുള്ളൂ എന്നതിനാൽ, സർക്കാർ ഗ്യാരണ്ടി തുക ₹ 30 കോടിയിൽ നിന്നും ₹100 കോടിയാക്കി വർദ്ധിപ്പിക്കണമെന്ന് പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനു വേണ്ടി, ദേശീയ പട്ടികജാതി ധനകാര്യ വികസന കോർപ്പറേഷനുള്ള സർക്കാർ ഗ്യാരണ്ടി തുക, താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി നിലവിലുള്ള ₹ 30 കോടിയിൽ നിന്നും ₹ 100 കോടിയാക്കി വർദ്ധിപ്പിച്ച് ഉത്തരവ പുറപ്പെടുവിക്കുന്നു.

i. ഗ്യാരണ്ടി ആക്ട് പ്രകാരവും 16.10.2004 ലെ. ജി.ഒ. (എം.എസ്) 487/04/ഫിൻ പ്രകാരവും 0.75% നിരക്കിൽ ഗ്യാരണ്ടി കമ്മീഷൻ തുക സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടതാണ്.

ii. 16.10.2004-ലെ സർക്കാർ ഉത്തരവിലെ നിബന്ധന 5 പ്രകാരം വൈകിയ അടവുകൾക്ക് 12% സാധാരണ പലിശ ഈടാക്കുന്നതാണ്.

iii. പിഴപ്പലിശ ഉണ്ടെങ്കിൽ അതുൾപ്പെടെ ഗ്യാരണ്ടി കമ്മീഷൻ തുക അടച്ച ചെലാൻ രസീതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം 16/08/2007-ാം തിയതിയിലെ 66/2007-ധന നമ്പർ സർക്കുലർ പ്രകാരം ഗ്യാരണ്ടി തുക, ബാക്കി നിൽക്കുന്ന തുക, ഗ്യാരണ്ടി കമ്മീഷൻ തുക എന്നിവയുടെ വിവരങ്ങൾ (വിശദമായ കണക്കുകൾ സഹിതം) ഉൾപ്പെടുത്തിയ അർദ്ധ വാർഷിക റിപ്പോർട്ട് സർക്കാരിൽ ലഭ്യമാക്കേണ്ടതാണ് .

iv. ഉടമ്പടി ഒപ്പു വയ്ക്കുന്നതിന് മുമ്പ് ബാക്കി അടയ്ക്കാനുള്ള ഗ്യാരണ്ടി കമ്മീഷൻ തുക മാനേജിംഗ് ഡയറക്ടർ സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടതാണ്.

v. ഗ്യാരണ്ടി ആക്റ്റ് പ്രകാരം കമ്മീഷൻ ഒഴിവാക്കാൻ കഴിയാത്തതിനാൽ ഗ്യാരണ്ടി കമ്മീഷന്റെ കൃത്യമായ അടവ് ഉറപ്പ് വരുത്തുന്നതിലേയ്ക്കായി സർക്കാരിലേയ്ക്ക് അടയ്ക്കേണ്ട ഗ്യാരണ്ടി കമ്മീഷൻ തുക അടച്ചതിന്റെ ത്രൈമാസ റിപ്പോർട്ട് മാനേജിംഗ് ഡയറക്ടർ കാലവിളംബം കൂടാതെ സമർപ്പിക്കേണ്ടതാണ്.

vi. ഗ്യാരണ്ടി ഉടമ്പടിയിൽ സർക്കാർ ഉത്തരവിന്റെ നമ്പർ, സർക്കാർ ഗ്യാരണ്ടിയുടെ തീയതി, ഗ്യാരണ്ടി തുക, എത്ര വർഷത്തേയ്ക്കാണ് ഗ്യാരണ്ടി നൽകുന്നത്, "21000 കോടി രൂപ " എന്നതിന് പകരം 2018-ലെ കേരള ധനകാര്യ (2-ാം നമ്പർ) ആക്റ്റ് പ്രകാരം "സംസ്ഥാന സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്, അതതു സാമ്പത്തിക വർഷത്തേയ്ക്ക് കണക്കാക്കുന്ന സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ അഞ്ച് ശതമാനം" എന്നിവ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്.

vii. ധനകാര്യ (പി.എ.സി-ബി) വകുപ്പിലെ 29-05-2017-ാം തീയതിയിലെ സർക്കുലർ നം.42/17-ധന പ്രകാരം ഓഡിറ്റഡ് അക്കൗണ്ട്സ് ക്ലിയറൻസ് നടത്തിയതിന്റെ റിപ്പോർട്ടു കൂടി എല്ലാ വർഷവും സമർപ്പിക്കേണ്ടതാണ്.

viii. ധനകാര്യ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിലെ GIMS (Guarantee Information Management system) പോർട്ടലിൽ കമ്പനിയുടെ login-id ഉപയോഗിച്ച് അപ്ഡേറ്റ് ചെയ്യേണ്ടതാണ്.

3) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മുഖേന ഗ്യാരണ്ടി കരാർ നടപ്പിലാക്കേണ്ടതാണ്.

File No.SCSTDD-C1/69/2020-SCSTDD

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പുനീത് കുമാർ ഐ എ എസ
പ്രിൻസിപ്പൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, തൃശ്ശൂർ
ചെയർമാൻ കം മാനേജിംഗ് ഡയറക്ടർ, ദേശീയ പട്ടികജാതി ധനകാര്യ വികസന കോർപ്പറേഷൻ,ന്യൂഡൽഹി (കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി &എസ് സെക്ടർ, ആഡിറ്റ്) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ ) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (30/06/2020-ലെ PU-B3/23/2019/Fin പ്രകാരം)
പൊതുഭരണ (എസ്.സി വകുപ്പ്)
ഇൻഫർമേഷൻ ഓഫീസർ (വെബ് ന്യൂ മീഡിയ), ഐ & പി.ആർ.ഡി.
കരുതൽ ഫയൽ,ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ